# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 952 — 29.09.2016 -ൽ മറുപടിക്ക്

### നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമെട്ടപ്പ് നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം മിനി ഫിഷിങ്ങ് ഹാർബറിലേക്കുള്ള റോഡിന്റെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമെട്ടപ്പ് സംബന്ധിച്ച വിജ്ഞാപനത്തിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; | (എ) | 1894 ലെ സ്ഥലമെട്ടപ്പ് ആക്ട് 4-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി 30.11.2013 ലാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ടി നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ തയ്യാറാക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത കാലാവധിക്കുള്ളിൽ സ്ഥലമെട്ടപ്പ്നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുമോ; | (ബി) | സാധിച്ചിട്ടില്ല. |
| (സി) | സ്ഥലമെട്ടപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (സി) | റവന്യൂ വകുപ്പിൽ നിന്നും സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന നടപടി താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ ആരംഭിച്ചപ്പോൾ സ്ഥലവാസികൾ ജോലി തടസ്സപ്പെടുത്തുകയും അവിടെനിന്ന് ഒഴിഞ്ഞുപോകാൻ സമ്മതമല്ലെന്ന് വാക്കാൽ അറിയിക്കുകയും ചെയ്യുകയുണ്ടായി. 05.02.2013 ന് മുൻ ഫിഷറീസ് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗിൽ ആദ്യഘട്ടമായി അഡ്വാൻസ് പോസഷനിൽ സ്ഥലം വിട്ടുനൽകാൻ തയ്യാറായിട്ടുള്ള വസ്തു ഉടമകളിൽ നിന്നും സ്ഥലം ഏറ്റെടുക്കാനും നിലവിലുള്ള റോഡ് വികസിപ്പിക്കുന്നതിന്. രണ്ടാം ഘട്ടമായി വീട് നിൽക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തുവാനും തീരുമാനിച്ചു. 17.05.2013 ൽ ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗതീരുമാനപ്രകാരം 04.09.2013-ലെ |

| | | | |
|---|---|---|---|
| | | | ജി.ഒ. (ആർ.റ്റി.) 537/2013/ആർ.ഡി. പ്രകാരം നെഗോഷ്യബിൾ പർച്ചേസ് മുഖേന 130.26 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് 11.09.2015 ലെ ജി.ഒ. (ആർ.റ്റി.) 750/15/മ.ഇ.വ. പ്രകാരം ടി ഭൂമി അക്വയർ ചെയ്യുന്നതിന് 10 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിക്കേണ്ടതുണ്ട്. |
| (ഡി) | വിജ്ഞാപനം എന്നാണ് പുറപ്പെടുവിച്ചിരുന്നത്; | (ഡി) | 30.11.2013 ലാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഇ) | വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ പുനർവിജ്ഞാപനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | | ഇല്ല. പുനർവിജ്ഞാപനം ആവശ്യമായി വരികയാണെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Hadeera

സെക്ഷൻ ഓഫീസർ